Draft #196 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 19-Apr-2023 02:38 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം: സർവ്വകലാശാലയിൽ പഠനത്തിനും, ഗവേഷണത്തിനും, മറ്റാവശ്യങ്ങൾക്കുമായി വരുന്ന വിദേശ പൗരന്മാർ - The Foreigners Act, 1946 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നത് - സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 4260/AD A1/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 19.04.2023

---

*പരാമർശം:*-രജിസ്ട്രാറുടെ 05.04.2023-ലെ രജി./2/62/2023. നം. കുറിപ്പ്, വൈസ് ചാൻസലറുടെ ഉത്തരവ് സഹിതം.

**ഉത്തരവ്**

സർവ്വകലാശാലയിൽ പഠനത്തിനും, ഗവേഷണത്തിനും, മറ്റാവശ്യങ്ങൾക്കുമായി വരുന്ന വിദേശ പൗരന്മാർ, The Foreigners Act, 1946 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ താഴെ പരാമർശിക്കുന്നവ സർവ്വകലാശാലാ തലത്തിൽ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് പരാമർശം പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. സർവ്വകലാശാലയിൽ സംഘടിപ്പിക്കുന്ന വിവിധ പരിപാടികളിലേക്ക് (സെമിനാറുകൾ, കോൺഫറൻസുകൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവ) വിദേശികളെ ക്ഷണിക്കുന്നതിന് മുന്നോടിയായി പ്രസ്തുത പരിപാടി സംബന്ധിച്ച വിശദമായ ഷെഡ്യൂൾ സംഘാടകർ തയ്യാറാക്കേണ്ടതും, ആയത് ബന്ധപ്പെട്ട വ്യക്തികളെ മുൻകൂട്ടി അറിയിച്ചിരിക്കേണ്ടതുമാണ്. പരിപാടിയിൽ പങ്കെടുക്കുന്നതിനായി നിയമാനുസൃതമുള്ള വിസയിൽ വരേണ്ടതാണെന്നുള്ള വിവരവും ഇതോടൊപ്പം ബന്ധപ്പെട്ട വ്യക്തികൾക്ക് നൽകേണ്ടതാണ്. കൂടാതെ, Ministry of Home affairs-ന്റെ വെബ് സൈറ്റ് സന്ദർശിച്ച് വിദേശികൾ പങ്കെടുക്കുന്ന പരിപാടി സംബന്ധിച്ച "Event clearance" സംഘാടകർ തേടിയിരിക്കേണ്ടതുമാണ്. വിസിറ്റിംഗ് ഫാക്കൽറ്റി എന്ന നിലയിൽ വിദേശികളെ ക്ഷണിക്കുമ്പോഴും ടി വ്യവസ്ഥകൾ പാലിക്കപ്പെടുന്നുവെന്ന് ബന്ധപ്പെട്ട വകുപ്പുകൾ/സംഘാടകർ ഉറപ്പാക്കേണ്ടതാണ്. പരിപാടി സംബന്ധിച്ച വിശദമായ ഷെഡ്യൂൾ, മേൽ വ്യവസ്ഥകൾ ഉറപ്പാക്കികൊണ്ട് വിദേശികൾക്ക് നൽകിയ Invitation സംബന്ധിച്ച വിവരങ്ങൾ, 'Event Clearance' ലഭിച്ചതിന്റെ വിശദാംശങ്ങൾ തുടങ്ങിയവ രജിസ്ട്രാർ ഓഫീസിലേക്ക് മുൻകൂട്ടി നൽകേണ്ടതാണ്.

2. വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനും, വിസിറ്റിംഗ് ഫാക്കൽറ്റി എന്ന നിലയിലും സർവ്വകലാശാലയിൽ വരുന്ന വിദേശികൾക്ക് സർവ്വകലാശാലയിൽ താമസസൗകര്യം നൽകുന്ന പക്ഷം, The Foreigners (Amendment) order, 2016 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള 'Form B' രജിസ്റ്റർ താമസസൗകര്യം നൽകുന്ന സ്ഥലത്ത് (ഉദാ: സർവ്വകലാശാല ഗസ്റ്റ് ഹൗസ്) സൂക്ഷിക്കേണ്ടതും, ആയതിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ 'Form C' രജിസ്റ്ററിൽ ഓൺലൈനായി മറ്റ് വിശദാംശങ്ങൾ സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള സാഹചര്യം ഉണ്ടാകുന്ന പക്ഷം, ആയത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ/സംഘാടകർ യഥാവിധി രജിസ്ട്രാർ ഓഫീസിലേക്ക് അറിയിച്ചിരിക്കേണ്ടതാണ്.

3. സർവ്വകലാശാലയിൽ പഠനത്തിനും ഗവേഷണത്തിനുമായി വരുന്ന വിദേശ വിദ്യാർത്ഥികളുടെ വിവരങ്ങൾ, The Foreigners (Amendment) Order 2016 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള 'Form A' (Form S) രജിസ്റ്ററിൽ ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ടി വിദ്യാർത്ഥികളുടെ Academic Performance, Attendance തുടങ്ങിയവ സംബന്ധിച്ച വിലയിരുത്തൽ മൂന്ന് മാസം

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

കൂടുമ്പോൾ നടത്തേണ്ടതും, ആയത് Form A രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. വിദ്യാർത്ഥിയുടെ പഠനം/ഗവേഷണം അവസാനിക്കുന്നത് വരെ, ഇപ്രകാരം ആവശ്യമായ വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. ഇതിനാവശ്യമായ വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ ലഭ്യമാക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ Course, Passport, Visa, Contact Details എന്നിവയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ, Student Exit തുടങ്ങിയവ ഉടനടി frrococ@nic.in, imm-kochi@mha.gov.in എന്നീ ഇ-മെയിലുകളിലേക്ക് അറിയിക്കേണ്ടതാണ്. അതോടൊപ്പം Form A (Form S)-ൽ ഇത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. ടി വിദ്യാർത്ഥികൾക്ക് സർവ്വകലാശാലയിൽ താമസസൗകര്യം നൽകുന്ന പക്ഷം, താമസസൗകര്യം നൽകുന്ന സ്ഥലത്ത് (ഉദാ: ഗസ്റ്റ് ഹൗസ്, ഹോസ്റ്റൽ) Form B രജിസ്റ്റർ സൂക്ഷിക്കേണ്ടതും, ആയതിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. അതോടൊപ്പം, Form C രജിസ്റ്ററിൽ ഓൺലൈൻ ആയി മറ്റ് വിശദാംശങ്ങൾ സമർപ്പിക്കേണ്ടതുമാണ്. www.boi.gov.in എന്ന വെബ് സൈറ്റിൽ ഇത് സംബന്ധിച്ച ഓൺലൈൻ ഫോമുകൾ ലഭ്യമാണ്.

4. ടി വെബ് സൈറ്റ് വഴി സ്ഥാപന രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനും, ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനും UCIC ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. മേൽ പരാമർശിച്ച പ്രകാരമുള്ള രജിസ്റ്ററുകളിൽ സമർപ്പിക്കുന്ന വിവരങ്ങളുടെ പകർപ്പ് (copy/printout) രജിസ്ട്രാർ ഓഫീസിലേക്ക് ലഭ്യമാക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. സെക്ഷനുകൾ, ഡിപ്പാർട്ട്മെന്റുകൾ, സ്കൂളുകൾ
2. വൈസ് ചാൻസലർ/പ്രോ-വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.-മാർ
4. ഡയറക്ടർ, UCIC
5. എ.ആർ./ ഡി.ആർ./ ജെ.ആർ. (ഭരണം/ധനകാര്യം/അക്കാദമികം/പരീക്ഷ)
6. ജോയിന്റ് ഡയറക്ടർ -കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, എം.ജി. സർവ്വകലാശാല
7. പി.ആർ.ഒ./ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി./ ഐ.ടി. സെൽ 1/2
8. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #196 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 19-Apr-2023 02:38 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം